Page 1 of 2

(ഡി) വിജിലൻസ് വൈറ്റ്നിംഗ് സ്ക്വാഡ് പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം നഗര പരിധിയിൽ മാത്രമാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. വൈറ്റ്നിംഗ് സ്ക്വാഡ് മുഖേന ലഭിക്കുന്ന റിപ്പോർട്ടുകൾ അപ്പോൾത്തന്നെ സൂക്ഷ്മമായി പരിശോധിച്ച് നടപടി സ്വീകരിച്ചുവരുന്നു.

## ഗ്യാസിന്റെ തൂക്കത്തിൽ കുറവ് വരുത്തിയതിന് ഏജൻസികളുടെ മേലുള്ള വിജിലൻസ് കേസുകൾ

230 (5161) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പാചകവാതക ഏജൻസികൾ മുൻഗണനാക്രമം പാലിക്കാതെ സിലിണ്ടർ വിതരണം നടത്തിയതിനും ഗ്യാസിന്റെ തൂക്കത്തിൽ കുറവ് വരുത്തിയതിനും എത്ര ഗ്യാസ് ഏജൻസികൾക്കുമേൽ വിജിലൻസ് കേസെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) വിജിലൻസ് നടത്തിയ റെയ്ഡിൽ കൃത്രിമങ്ങൾ കണ്ടെത്തിയ സ്ഥാപനങ്ങൾക്കുമേൽ എന്ത് ശിക്ഷാ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ പാചകവാതക വിതരണ ഏജൻസികൾക്കെതിരെ നിലവിൽ വിജിലൻസ് കേസുകൾ ഒന്നുംതന്നെ രജിസ്റ്റർ ചെയ്ത് അന്വേഷണം നടക്കുന്നില്ല.

(ബി) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ 6-6-2014-ന് സംസ്ഥാന വ്യാപകമായി നടത്തിയ മിന്നൽ പരിശോധനയുടെ റിപ്പോർട്ടുകൾ പൂർത്തിയാക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിജിലൻസ് ഡയറക്ടറേറ്റിൽ നടന്നുവരുന്നതേയുള്ളൂ. ഇവ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ശിക്ഷാ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

## വിജിലൻസ് കേസിൽ പ്രതികളായ പോലീസുദ്യോഗസ്ഥർ

231 (5162) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിജിലൻസ് കേസ് പ്രതികളായ പോലീസ് ഉദ്യോഗസ്ഥരുടെ വിവരശേഖരണം നടത്തിയിട്ടുണ്ടോ ;

(ബി) ഇത്തരം കേസ്സിൽ ഉൾപ്പെട്ടവർക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

**ഉത്തരം**

(എ) ഉണ്ട്.

(ബി) വിജിലൻസ് കേസിൽ ഉൾപ്പെടുന്ന ഉദ്യോഗസ്ഥർ അന്വേഷണത്തിൽ കുറ്റക്കാരായി കണ്ടെത്തുകയാണെങ്കിൽ ഇവർക്കെതിരെ വിവിധ ശിക്ഷാ നടപടികൾക്ക് ശുപാർശ ചെയ്തുകൊണ്ട് വിജിലൻസ് ഡയറക്ടർ അന്വേഷണ റിപ്പോർട്ട് കോടതിയിലും സർക്കാരിനും ലഭ്യമാക്കുന്നു. റിപ്പോർട്ട് സൂക്ഷ്മമായി പരിശോധിച്ചശേഷം ഡയറക്ടറുടെ ശുപാർശയ്ക്കനുസരിച്ച് ഇക്കൂട്ടർക്കെതിരെ വിചാരണ, സസ്പെൻഷൻ, സ്ഥലംമാറ്റം, വകുപ്പുതല അച്ചടക്കനടപടി തുടങ്ങിയ നടപടികൾ സ്വീകരിക്കുന്നു. കോടതി ഉത്തരവുപ്രകാരവും ഇത്തരത്തിൽ നടപടികൾ സ്വീകരിക്കാറുണ്ട്. വിജിലൻസ് ട്രാപ്പ് കേസുകളിൽ പിടിക്കപ്പെടുന്ന ഉദ്യോഗസ്ഥരെ ഉടനടി സസ്പെന്റ് ചെയ്യാനും തുടർ അന്വേഷണത്തിൽ ആവശ്യമെങ്കിൽ സർവ്വീസിൽനിന്ന് നീക്കം ചെയ്യാനും നടപടികൾ സ്വീകരിക്കാറുണ്ട്.

**മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രിബ്യൂണൽ**

232 (5163) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര എം.എ.സി.റ്റി. കോടതികൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) നിലവിൽ എത്ര കേസുകൾ ഈ കോടതികളിൽ തീർപ്പാക്കാനുണ്ട് ; ഇവയുടെ കോടതി, വർഷം എന്നിവ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(സി) വർഷങ്ങളായി തീർപ്പ് കാത്തിരിക്കുന്ന കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

**ഉത്തരം**

(എ) സംസ്ഥാനത്ത് 22 പ്രിൻസിപ്പൽ എം.എ.സി.റ്റി. കോടതികൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ പ്രിൻസിപ്പൽ ഡിസ്ട്രിക്ട് കോർട്ട് കാസർഗോഡ്, അഡീഷണൽ ഡിസ്ട്രിക്റ്റ് കോർട്ട് II മാവേലിക്കര, അഡീഷണൽ ഡിസ്ട്രിക്റ്റ് കോർട്ട് I തൊടുപുഴ, അഡീഷണൽ ഡിസ്ട്രിക്റ്റ് കോർട്ട് I നോർത്ത് പറവൂർ, എന്നിവയ്ക്ക് എം.എ.സി.റ്റി. കേസുകൾ കൈകാര്യം ചെയ്യാനുള്ള അധികാരം നൽകിയിട്ടുണ്ട്. അതിനുപുറമെ വിവിധ ജില്ലകളിലെ 50 അഡീഷണൽ ഡിസ്ട്രിക്റ്റ് കോർട്ടിന് അഡീഷണൽ എം.എ.സി.റ്റി. കേസുകൾ കൈകാര്യം ചെയ്യാനുള്ള അധികാരം നൽകിയിട്ടുണ്ട്.

(ബി) 30-4-2014 വരെ 115008 കേസുകൾ വിവിധ എം.എ.സി.റ്റി.കളിലായി തീർപ്പാക്കാനുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ആവശ്യമായ നടപടികൾ ഹൈക്കോടതി തലത്തിൽ സ്വീകരിക്കുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.